**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3944** **28-06-2024 - ൽ മറുപടിയ്ക്ക്**

**പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സംസ്ഥാന പത്രപ്രവർത്തകേതര (നോൺ ജേർണലിസ്റ്റ്) പെൻഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | 04.02.2000-ലെ 02/2000/പി.ആർ പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി ഇപ്പോൾ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ നൽകിയവരിൽ ഇനി എത്ര പേർക്കാണ് അംഗത്വം നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ആയിരത്തി ഇരുന്നൂറോളം പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചു വരുന്നു. |
| (സി) | അംഗത്വം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ; | (സി) | പെൻഷൻ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന യോഗ്യരായ എല്ലാവർക്കും പെൻഷൻ അനുവദിക്കണമെന്നതാണ് സർക്കാരിന്റെ നയം. പദ്ധതി പ്രകാരമുള്ള പെൻഷൻ നൽകുന്നതിലേയ്ക്ക് സർക്കാർ വിഹിതം, അംഗങ്ങൾ മാസം തോറും അടയ്ക്കുന്ന അംശദായം, പത്രഉടമകളിൽ നിന്ന് ലഭിക്കുന്ന ഏതൊരു സംഭാവനയും എന്നിവ ചേർത്ത് പെൻഷൻ നിധി രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പത്രമാനേജ്മെന്റുകൾ പദ്ധതിയോട് സാമ്പത്തികമായി സഹകരിച്ചിട്ടില്ല.<br>സർക്കാരിന്റെ ബജറ്റ് വിഹിതത്തെ മാത്രം ആശ്രയിച്ചാണ് നിലവിൽ പദ്ധതി മുന്നോട്ടു പോകുന്നത്. അംഗങ്ങളിൽ നിന്നുള്ള അംശദായമായി വളരെ കുറഞ്ഞ വിഹിതമാണ് ലഭിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പത്രപ്രവർത്തക/ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി സംബന്ധിച്ച സാമ്പത്തിക അവലോകനം നടത്തി പത്രമാനേജ്മെന്റുകളുടെ വിഹിതം കൂടി ഉൾപ്പെടുത്തിക്കൊണ്ട് പെൻഷൻ പദ്ധതി പരിഷ്കരിക്കേണ്ടതായുണ്ട്. മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള വിശദമായ പരിശോധന നടത്തിയാണ് പബ്ലിക് റിലേഷൻസ് വകുപ്പ് പെൻഷനുള്ള അർഹത നിർണ്ണയിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് പെൻഷൻ അനുവദിച്ച് നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ഡി) | പെൻഷൻ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്ന യോഗ്യരായ എല്ലാവർക്കും പെൻഷൻ അനുവദിക്കണമെന്നതാണ് സർക്കാരിന്റെ നയം. പദ്ധതി പ്രകാരമുള്ള പെൻഷൻ നൽകുന്നതിലേയ്ക്ക് സർക്കാർ വിഹിതം, അംഗങ്ങൾ മാസം തോറും അടയ്ക്കുന്ന അംശദായം, പത്രഉടമകളിൽ നിന്ന് ലഭിക്കുന്ന ഏതൊരു സംഭാവനയും എന്നിവ ചേർത്ത് പെൻഷൻ നിധി രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പത്രമാനേജ്മെന്റുകൾ പദ്ധതിയോട് സാമ്പത്തികമായി സഹകരിച്ചിട്ടില്ല. സർക്കാരിന്റെ ബജറ്റ് വിഹിതത്തെ മാത്രം ആശ്രയിച്ചാണ് നിലവിൽ പദ്ധതി മുന്നോട്ടു പോകുന്നത്. അംഗങ്ങളിൽ നിന്നുള്ള അംശദായമായി വളരെ കുറഞ്ഞ വിഹിതമാണ് ലഭിച്ചുവരുന്നത്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പത്രപ്രവർത്തക/ പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി സംബന്ധിച്ച സാമ്പത്തിക അവലോകനം നടത്തി പത്രമാനേജ്മെന്റുകളുടെ വിഹിതം കൂടി ഉൾപ്പെടുത്തിക്കൊണ്ട് പെൻഷൻ പദ്ധതി പരിഷ്കരിക്കേണ്ടതായുണ്ട്. മാനദണ്ഡങ്ങൾക്ക് അനുസൃതമായുള്ള വിശദമായ പരിശോധന നടത്തിയാണ് പബ്ലിക് റിലേഷൻസ് വകുപ്പ് പെൻഷനുള്ള അർഹത നിർണ്ണയിക്കുന്നത്. |

സെക്ഷൻ ഓഫീസർ